CHRISTIAN FOCUS IRA

2019
മെയ് 5

ക്രിസ്ത്യൻ
# ഫോക്കസ്
CHRISTIAN FOCUS
A Christian News Magazine

പേജ് 8

വാല്യം 4 ലക്കം 5 | കോട്ടയം | News Paper Reg. (RNI) No. KERMAL/2015/68940



# ശ്രീലങ്കയിലെ സ്ഫോടനം

- **മരണസംഖ്യ മലയാളി വനിത ഉൾപ്പടെ 253**
- **മൂന്നു ദശകങ്ങൾ നീണ്ട ആഭ്യന്തരയുദ്ധത്തിനുശേഷം ഉണ്ടാകുന്ന ഏറ്റവും വലിയ ഭീകരാക്രമണം**

**കൊളംബോ:** ഏറെക്കാലം കണ്ണീരും ചോരയും വീണ ശ്രീലങ്കയിൽ വീണ്ടും നിലവിളി. ഏപ്രിൽ 21 ഈസ്റ്റർ ദിനത്തിൽ ശ്രീലങ്ക വിലാപക്കടലായി. ശ്രീലങ്കയ്ക്കു മാത്രമല്ല ലോകത്തിനും അന്ന് കണ്ണീരിന്റെ ദിനമായി. രാവിലെ 8.45 -നോടുകൂടി 3 ക്രിസ്ത്യൻ പള്ളികളിലും 3 പഞ്ചനക്ഷത്ര ഹോട്ടലുകളിലും ഒരേ സമയം ഉണ്ടായ വൻ സ്ഫോടന പരമ്പരകളിൽ 253ൽ അധികം പേരാണ് മരിച്ചത്. 500-ലേറെപ്പേർക്ക് ഗുരുതര പരുക്കുമേറ്റു. മരിച്ചവരിൽ മലയാളി വനിത ഉൾപ്പടെ 11 ഇന്ത്യാക്കാരുമടക്കം നാൽപ്പതോളംപേർ വിദേശികളാണ്.

കൊല്ലപ്പെട്ട മലയാളി വനിത കാസർഗോഡ് മൊഗ്രാൽ പുത്തൂർ ആസാദ് നഗറിൽ പരേതരായ പി.എസ്. അബ്ദുല്ലയുടെയും സക്കിയാബിയുടെയും മകൾ റസീന ഖാദർ ആണ്. വിദേശികളിൽ ചൈന, യു.എസ്., ബ്രിട്ടൻ, ജപ്പാൻ, തുർക്കി, പോളണ്ട്, ഡെൻമാർക്ക്, പാക്കിസ്ഥാൻ, മൊറോക്കോ, ബംഗ്ലാദേശ് പൗരന്മാരാണ് കൊല്ലപ്പെട്ടത് എന്നാണ് മാധ്യമ റിപ്പോർട്ടുകൾ. ഉച്ചകഴിഞ്ഞ് മറ്റു രണ്ടു സ്ഥലങ്ങളിലും സ്ഫോടനമുണ്ടായി. കൊളംബോയിൽ ഏഴ് സ്ഫോടനങ്ങളും മറ്റൊന്ന് കിഴക്കൻ പ്രവിശ്യയായ ബട്ടിക്കലോവയിലും. രണ്ടെണ്ണം ചാവേർ സ്ഫോടനങ്ങളായിരുന്നു. ഈസ്റ്റർ ദിനത്തിലെ പ്രാർത്ഥനാ ചടങ്ങുകൾക്കിടെ കൊളംബോയിലെ സെന്റ് ആന്റണീസ് പള്ളിയിലും നഗോംബോ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലും ബട്ടിക്കലോവയിലെ ഇവാഞ്ചലിക്കൽ പള്ളിയിലുമായിരുന്നു ആദ്യ സ്ഫോടനങ്ങൾ. ശ്രീലങ്കയിലെ പ്രധാന പെന്തക്കോസ്തു സഭയായ ദ് പെന്തക്കോസ്തു മിഷൻ സ്ഫോടന വാർത്തയറിഞ്ഞതോടെ സഭായോഗം നിർത്തിവച്ചെങ്കിലും വിശ്വാസികൾ സുരക്ഷിതരാണെന്ന് സഭാ പ്രതിനിധികൾ അറിയിച്ചു. ലിബറേഷൻ ടൈഗേഴ്സ് തമിഴ് ഈഴം (എൽ.ടി.ടി.ഇ) പ്രത്യേക തമിഴ് രാജ്യത്തിനുവേണ്ടി ശ്രീലങ്കയിൽ നടത്തിയ പോരാട്ടങ്ങൾക്കിടെ ചാവേർ സ്ഫോടനങ്ങൾ പതിവായിരുന്നു.

മൂന്നു പതിറ്റാണ്ടുകൾ നീണ്ട ആഭ്യന്തരയുദ്ധത്തിനു ശേഷം 2009-ലാണു തമിഴ്പുലികളെ ശ്രീലങ്കൻ സൈന്യം പരാജയപ്പെടുത്തുകയും രാജ്യം സമാധാന പാതയിലെത്തുകയും ചെയ്തത്. പത്തു വർഷത്തെ ശാന്തതയ്ക്കുശേഷം കൊളംബോ വീണ്ടും ചോരക്കളമായിരിക്കുന്നു. വംശീയ കലാപം അവസാനിച്ചശേഷം ഉണ്ടായ ഏറ്റവും വലിയ ഭീകരാക്രമണമാണിത്. നാഷനൽ തൗഹീത് ജമാഅത്ത് എന്ന സംഘടന കൊളംബോയിലെ പള്ളികളിലും ഇന്ത്യൻ ഹൈക്കമ്മീഷനിലും ആക്രമണം നടത്താൻ പദ്ധതിയിടുന്നു എന്ന് വിദേശ ഇന്റലിജൻസ് ഏജൻസി മുന്നറിയിപ്പു നൽകയിരുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. സംഭവം നടന്ന ഉടനെ ഏതെങ്കിലും ഭീകര സംഘടന സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നില്ല, എന്നാൽ ഐ.എസ്. എന്ന ഭീകര സംഘടനയുടെ പങ്ക് പോലീസ് ഇപ്പോൾ അന്വേഷിച്ചുവരുന്നു. സംഭവത്തെ തുടർന്ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കയാണ്. ശ്രീലങ്കയുടെ സമാധാനത്തിനായുള്ള പ്രാർത്ഥനയിൽ ദൈവമക്കളായ നമുക്കും പങ്കുചേരാം.

## പി.സി.ഐ. ന്യൂയോർക്ക് ചാപ്റ്റർ പുനഃസംഘടിപ്പിച്ചു

**ന്യൂയോർക്ക്:** സുവിശേഷപ്രവർത്തനങ്ങൾക്കെതിരെ വിരോധികൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടുകയും നിയമനടപടികൾ സ്വീകരിക്കയും ചെയ്യുന്നതോടൊപ്പം ജീവകാരുണ്യ പ്രവർത്തികളും ചെയ്തുപോരുന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ന്യൂയോർക്ക് ചാപ്റ്റർ പുനഃസംഘടിപ്പിച്ചു. ന്യൂയോർക്കിൽ ക്യൂൻസ് വില്ലേജിലുള്ള ഐപിസി ഓഡിറ്റോറിയത്തിൽ പി.സി.ഐ ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് അതുല്യയുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർമാരായ മോനി മാത്യു (പ്രസിഡന്റ്), കെ.കെ. സാമുവേൽ, ജോൺ തോമസ് (വൈസ് പ്രസിഡന്റുമാർ), തോമസ് കിടങ്ങാലിൽ (സെക്രട്ടറി), സഹോദരന്മാരായ ജെയിംസ് ഏബ്രഹാം, റോജൻ സാം (ജോ. സെക്രട്ടറിമാർ), ഡേവിഡ് കുരുവിള (ട്രഷറർ), പാസ്റ്റർ സാമുവേൽ അലക്സാണ്ടർ (പ്രെയർ കൺവീനർ), പാസ്റ്റർ ജോമോൻ ജോർജ്ജ് (ചാരിറ്റി കൺവീനർ), പാസ്റ്റർ ബാബു തോമസ് (മീഡിയ കൺവീനർ) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

പെന്തെക്കോസ്തു സമൂഹം നേരിടുന്ന വെല്ലുവിളികൾക്കെതിരെ ഒന്നിച്ച് അണിനിരക്കാനും നിയമനടപടികൾ വേണ്ടിടത്തു അതുചെയ്യാനും ന്യൂയോർക്ക് ഘടകം പ്രതിജ്ഞാബദ്ധമാണെന്നു കമ്മറ്റി അറിയിച്ചു.



പാസ്റ്റർ തോമസ് ഫിലിപ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

## ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ് വനിതാ ക്യാമ്പ്

**പായിപ്പാട്:** ദൈവവിളിയും തിരഞ്ഞെടുപ്പും പ്രാപിച്ചവർ മനസ്സിനെ ശുദ്ധീകരിച്ച് ക്രിസ്തുവിന്റെ ഭാവം ഉള്ളവരായി ഉത്തരവാദിത്തത്തിലേക്ക് മടങ്ങിവരണമെന്നു ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ് പ്രസ്താവിച്ചു.

ഏപ്രിൽ 15 മുതൽ 17 വരെ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ചാപ്പലിൽ സംസ്ഥാന വനിതാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കർത്താവ് നമ്മെ വിളിച്ചത് കർത്താവിനു യോഗ്യമാംവണ്ണം നടക്കാനാണ്. കർത്താവിന്റെ വിളി കേട്ടവർ ക്രിസ്തു നടന്നതുപോലെ നടക്കുന്നവരും യേശുക്രിസ്തുവിന്റെ മനസ്സ് ഉള്ളവരുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. വേദനിപ്പിച്ചവരോടും ഉപദ്രവിച്ചവരോടും പകയോ വിദ്വേഷമോ ഉള്ളിൽ നിറയ്ക്കാതെ സ്നേഹവും കാരുണ്യവും സഹാനുഭൂതിയും ഉള്ളവരാകണം. സംസ്ഥാന പ്രസിഡന്റ് മേഴ്സി തോമസ് അദ്ധ്യക്ഷത വഹിച്ചു.

പാസ്റ്റർമാരായ എൻ.സി. ജോസഫ്, ഷാജി സി.ഡി., പി.പി. കുര്യൻ, ജോൺ ജേക്കബ്, റ്റി.വൈ. ജോൺസൺ, വി.സി. യോഹന്നാൻ, സഹോദരിമാരായ സിന്ധു ഗിരിജൻ, ഗിരിജ സാം, പ്രീതി ബിനു, സുധ തോമസ്, സോജി സാംസൺ, എലിസബത്ത് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ആരാധന, ഗാനപരിശീലനം, വചനധ്യാനം, ബൈബിൾ ക്ലാസ്, കൗൺസിലിംഗ്, ചർച്ച, ഫിലിം ഷോ തുടങ്ങിയ പരിപാടികളാണ് നടന്നത്. 'വിളിയും തിരഞ്ഞെടുപ്പും' എന്നതായിരുന്നു ചിന്താവിഷയം. ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ് ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. ലിസമ്മ രാജേഷ്, ലില്ലിക്കുട്ടി മാത്യു എന്നിവർ നേതൃത്വം നൽകി.

# മനുഷ്യന്റെ പാപ ജീവിതവും ദൈവത്തിന്റെ ന്യായ വിധിയും

(തിരുരക്തം ഒഴുകിയത് അഞ്ചു കായങ്ങൾ വഴി മാത്രമോ? എന്ന പ്രധാന ശീർഷകത്തിലുള്ള ലേഖനത്തിന്റെ തുടർച്ച)



ഇവാ. പി.സി. തോമസ് മല്ലപ്പള്ളി
☎: 9249280482

ഇത്രത്തോളം നന്മകൾ ഒരു അനാഥയ്ക്കു വേണ്ടി സർവ്വശക്തനായ ദൈവം ചെയ്തിട്ടും, സർവ്വസ്വവും തന്റെ രക്ഷിതാവിൽ അർപ്പിക്കേണ്ടിയിരുന്നവളായ യിസ്രായേൽ എന്ന സ്ത്രീ തന്റെ നാഥനെ ത്യജിച്ച് പരസംഗം ചെയ്ത് വ്യഭിചാരം വർദ്ധിപ്പിച്ചതായി ദൈവം അരുളിച്ചെയ്തിരിക്കുന്നു. ഹോശേയ 2-ാം അദ്ധ്യായം വായിച്ചാൽ ഈ സ്ത്രീയുടെ പ്രവർത്തികളെക്കുറിച്ചും, ദൈവം അവർക്കു നൽകുന്ന ശിക്ഷകളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കരുണാമയനായ ദൈവം അവളുടെ പാപങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും അവളെ മടക്കിക്കൊണ്ടുവന്ന് അവൾക്ക് സർവ്വാനുഗ്രഹങ്ങളും പദവികളും നൽകുവാനുള്ള പദ്ധതികളും ഒരുക്കിയിരിക്കുന്നതായും വിവരിച്ചിരിക്കുന്നു.

പരസംഗം, വ്യഭിചാരം എന്നൊക്കെ പറയുന്നതെന്താണ്? ദൈവമക്കൾക്കും ലോകമക്കൾക്കും ഇവയെക്കുറിച്ച് സാമാന്യമായ ബോധ്യം ഉണ്ട് എന്നു ഞാൻ കരുതുന്നു. നിയമാനുസൃതമായി ഭാര്യ ഭർതൃബന്ധം സ്ഥാപിക്കപ്പെട്ട് അതിൽ ജീവിച്ചു വരുന്ന സ്ത്രീ പുരുഷന്മാർ ആ സ്ഥിതിയിൽ ജീവിച്ചു കൊണ്ട് പരപുരുഷബന്ധവും നടത്തുന്നതിന് പരസംഗം എന്ന് പറയുന്നു. അത് വ്യഭിചാരമാകുന്നില്ല. ആ ബന്ധത്തിലൂടെ ഇങ്ങനെയുള്ള കൂട്ടർ മാനസ്സികവും ശാരീരികവുമായി ബന്ധപ്പെടുന്നതാണ് വ്യഭിചാരം. ദൈവം യിസ്രായേൽ ജനത്തിന് കൊടുത്ത കല്പനകൾ ലംഘിക്കാൻ പാടുള്ളതല്ല. ലംഘിക്കുന്നവർക്ക് കഠിനശിക്ഷ (മരണ ശിക്ഷ) വരെ ലഭിക്കുന്നതായിരുന്നു. എന്നാൽ കല്പനകൾ നൽകിയ ദൈവം തന്നെ അവയ്ക്ക് ചില നിയമങ്ങളും ചട്ടങ്ങളും കൂടി (വകുപ്പുകൾ) വെച്ചിട്ടുണ്ട്. അവ തെറ്റിച്ചാൽ അവയിൽ നിന്നുള്ള മോചനത്തിനായിട്ടാണ് ആലയനിയമങ്ങളായിരിക്കുന്ന സമർപ്പണങ്ങൾ, നേർച്ചകാഴ്ചകൾ, യാഗങ്ങൾ എന്നിവ ക്രമീകരിച്ചിരുന്നത്. പാപങ്ങളും അതിക്രമങ്ങളും ചെയ്തവർ തങ്ങളുടെ പാപാതിക്രമങ്ങളെ നിയമിക്കപ്പെട്ട പക്ഷിമൃഗാദികളുടെ മേൽ ചുമത്തി അവയുടെ രക്തം ചൊരിയിച്ച് യാഗങ്ങൾ നടത്തി ശുദ്ധീകരണം പ്രാപിക്കുന്ന ഈ വ്യവസ്ഥ പിൽക്കാലത്ത് പാപങ്ങൾ വർദ്ധിക്കുന്നതിനുതകിയതേ ഉള്ളൂ. കാരണം പാപങ്ങൾക്കും അതിക്രമങ്ങൾക്കും യാഗത്തിലൂടെ മോചനം ലഭിച്ചിരുന്നതിനാൽ യിസ്രായേൽ ജനം ഈ പ്രക്രിയ തുടർന്നതല്ലാതെ അവ ഏറ്റുപറഞ്ഞുപേക്ഷിക്കാൻ തയ്യാറായില്ല. വിശുദ്ധീകരണത്തിനും രക്ഷയ്ക്കുമുള്ള എല്ലാ നിയമങ്ങളും യിസ്രായേൽ ജനത്തിനുണ്ടായിരുന്നിട്ടും അവർ പാപത്തിൽ തന്നെ ജീവിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ദൈവനിയമങ്ങൾ പാലിച്ച് നീതിമാന്മാരായി ജീവിക്കുന്നു എന്ന് അവകാശപ്പെട്ട പരീശന്മാരെപ്പോലും നോക്കിക്കൊണ്ട് "വെള്ള തേച്ച ശവക്കല്ലറകൾ" എന്ന് യേശുക്രിസ്തു പറയുന്നു. പക്ഷിമൃഗാദി യാഗാർപ്പണങ്ങൾ നടത്തുന്നില്ലായെങ്കിലും ഈ പാരമ്പര്യത്തെ പിൻതുടർന്നു നിൽക്കുന്ന കൂട്ടർ തിരിഞ്ഞൊന്നു ചിന്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു....!

പാപം, അതിക്രമം, വഷളത്വം എന്നൊക്കെ പറഞ്ഞാൽ എന്താണ്? ഗ്രീക്കിൽ 'ഹമാർത്തിയ' എന്ന പദമാണ് പാപത്തിനുപയോഗിക്കുന്നത്. 'ലക്ഷ്യം തെറ്റുക' എന്നാണ് അതിന്റെ അർത്ഥം. ആദി മാതാപിതാക്കളാം ആദം ഹവ്വാ ദമ്പതിമാരെ ദൈവം ഈ ഭൂമിയിൽ സൃഷ്ടിച്ചാക്കിയതിന് അവരെക്കുറിച്ചൊരു ലക്ഷ്യം സൃഷ്ടാവിനുണ്ടായിരുന്നു. എന്നാൽ ആ ലക്ഷ്യത്തിൽ നിന്ന് അവർ തെറ്റിപ്പോയി. അപ്പോൾ അവർ പാപികളായി തീർന്നു. ദൈവം മനുഷ്യരെ ആണും പെണ്ണുമായും, ചില വ്യത്യസ്ത അവയവങ്ങൾ ഉള്ളവരായും സൃഷ്ടിച്ചത് അവരുടെ കൂടിച്ചേരലിനാൽ പുതുതലമുറകൾ ജനിക്കപ്പെട്ട് ഭൂമി മുഴുവനും ജനവാസമുണ്ടാകേണ്ടതിനുമത്രേ! 'സോദോം, ഗോമോറ'യുടെ പാപം എന്തായിരുന്നു? യൂദായുടെ ലേഖനം 7-ാം വാക്യത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു "അതുപോലെ സോദോമും ഗൊമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്ക് സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ട് ദൃഷ്ടാന്തമായി കിടക്കുന്നു." ഇവിടുത്തെ പാപം എന്തായിരുന്നു? 'അന്യജഡത്തെ മോഹിക്കുക' എന്നുള്ളതായിരുന്നു. ഇത് മനസ്സിലാക്കണമെങ്കിൽ ഉൽപത്തി 19 : 1 13 വരെയുള്ള വാക്യങ്ങൾ വായിക്കുക. അതിൽ 4-ാം വാക്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, "അവർ ഉറങ്ങുവാൻ പോകും മുമ്പേ സോദോം പട്ടണത്തിലെ പുരുഷന്മാർ സകല ഭാഗത്തു നിന്നും ആബാലവൃദ്ധം എല്ലാവരും വന്നു വീടു വളഞ്ഞു. അവർ ലോത്തിനെ വിളിച്ചു, ഈ രാത്രി നിന്റെ അടുക്കൽ വന്ന പുരുഷന്മാർ എവിടെ? ഞങ്ങൾ അവരെ ഭോഗിക്കേണ്ടതിന് ഞങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവാ എന്നു അവനോട് പറഞ്ഞു." ആണും പെണ്ണുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യത്തിൽ നിന്നും ഇവർ തെറ്റിപ്പോയി. സ്ത്രീ പുരുഷ സ്വാഭാവിക ഭോഗം വിട്ട് അവലക്ഷണമാം സ്വവർഗ്ഗ ഭോഗത്തിലേയ്ക്ക് അവർ വഴുതിവീണു. തൽഫലമോ സോദോം, ഗോമോറ, ആദ്മ, സെബോയിം എന്നീ നാലു പട്ടണങ്ങളെ ആകാശത്തുനിന്നും തീയും ഗന്ധകവും അയച്ച് വെന്തുവെണ്ണീറാക്കിക്കളഞ്ഞു. ആ ഭൂപ്രദേശങ്ങൾ ഇന്ന് കടലായി മാറ്റപ്പെട്ടിരിക്കുന്നു. ചാവുകടൽ, ഉപ്പുകടൽ എന്നൊക്കെ അതിനു പേർ പറയുന്നു. യൂദാ രേഖപ്പെടുത്തിയതുപോലെ ലോകത്തിന്റെ മുമ്പിൽ പാപികളുടെ മേൽ ദൈവം ന്യായവിധി നടത്തിയതിന്റെ ദൃഷ്ടാന്തമായി അത് ഇന്നും കിടക്കുന്നു.

മുകളിൽ വിവരിച്ച സോദോം, ഗോമോരയുടെ പാപം ഇന്ന് ലോകത്തിലുണ്ടോ? ഉണ്ട്. ഒരിടത്തല്ല; രണ്ടിടത്തല്ല, മറിച്ച് ലോകം മുഴുവനും ഈ പാപം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഈ കൊച്ചു കേരളത്തിൽ പോലും, അല്ല നമ്മുടെ ചുറ്റുപാടുകളിൽ പോലും ഈ പാപം പെരുകിക്കൊണ്ടിരിക്കുന്നു. സന്മാർഗ്ഗം ഉപദേശിക്കുന്നവർ പോലും ഈ പാപത്തിന് അടിമകളായിക്കൊണ്ടിരിക്കുന്നു. ലോത്തിന്റെ കാലത്ത് ഇതൊരു നിയമമല്ലായിരുന്നു. എന്നാൽ ഇന്നോ....? ഇതൊരു ലോക നിയമമാക്കിമാറ്റിക്കൊണ്ടിരിക്കുന്നു. "സ്വവർഗ്ഗരതിക്കാരോട് അനുകമ്പകാണിക്കണമെന്ന്" ചില മതനേതാക്കൾ പോലും പറഞ്ഞിട്ടുണ്ട്. പണ്ട് നാലു പട്ടണങ്ങളിൽ ഒതുങ്ങിനിന്ന ഈ പാപം ഇന്ന് ലോകം മുഴുവനും വ്യാപിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ന്യായവിധി ഇനിയും എങ്ങനെയാണ് നടക്കുന്നത്....? യേശുക്രിസ്തു പറഞ്ഞു "ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നിരിക്കുന്നു; അത് ഇപ്പോഴേ കത്തിയിരുന്നെങ്കിൽ നന്നായിരുന്നു" എന്ന്. 2 പത്രോസ് 3 : 5 7, "ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസ്സത്തേയ്ക്ക് കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു" എന്നുള്ള സത്യം ലോകത്തോട് വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ലോകം അത് ചെവിക്കൊള്ളാതെ നിത്യനാശത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ള സത്യം വേദനാജനകമാണ്.

ദൈവം ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ പുത്രനാം യേശുക്രിസ്തുവിനെ ലോകത്തിലേയ്ക്കയച്ചു എന്നുള്ളത് സത്യവും വ്യക്തവും വിശ്വസിക്കത്തക്കതുമായ കാര്യമാണ്. എന്നാൽ അതോടൊപ്പം ലോകത്തിന്റെ ന്യായവിധിയും നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. വിശുദ്ധബൈബിളിൽ പലഭാഗങ്ങളിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ പുത്രൻ തന്നെ അത് വെളിപ്പെടുത്തിയിരിക്കുന്നു. "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവർത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയുമെന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." (മലാഖി 4:1) ▮▪ (തുടരും....)




## സി.ഇ.എം.ന് പുതിയ നേതൃത്വം

**തിരുവല്ല:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ 2019-2021 വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തിരുവല്ലയിൽ കൂടിയ ജനറൽ ബോഡിയിൽ വച്ച് തിരഞ്ഞെടുത്തു. പാസ്റ്റർ സോവി മാത്യു (പ്രസിഡന്റ്), പാസ്റ്റർ രാജീവ് ജി (സീനിയർ വൈസ് പ്രസിഡന്റ്), പാസ്റ്റർ ബിനു ഏബ്രഹാം (ജൂനിയർ വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോമോൻ ജോസഫ് (ജനറൽ സെക്രട്ടറി), ഇവാ. എബി ബേബി (ജനറൽ ട്രഷറാർ), അജിത് ജോർജ്ജ് (അസ്സോ. സെക്രട്ടറി), പാസ്റ്റർ സാംകുട്ടി ജോൺ (അസ്സോ. ട്രഷറാർ), പാസ്റ്റർ സിജി ജോൺ (താലന്തു പരിശോധന), ബിജു നൈനാൻ (പബ്ലിസിറ്റി), പാസ്റ്റർ സജു പുന്നൂസ് (മീഡിയ), പാസ്റ്റർ ജോസ് ജോർജ്ജ് (ലിറ്ററേച്ചർ), പാസ്റ്റർ സാംസൺ തോമസ് (ജനറൽ കോ- ഓർഡിനേറ്റർ), പാസ്റ്റർ സുരേഷ് കുമാർ ആർ. പി. (ഫിനാൻസ് കാമ്പെയിൻ സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികൾ.

## ശാരോൻ സണ്ടേ സ്കൂൾ നാഷണൽ ക്യാമ്പ് സമാപിച്ചു.

**അടൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സണ്ടേസ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംയുക്തമായി സംഘടിപ്പിച്ച നാഷണൽ ക്യാമ്പ് ഏപ്രിൽ 15-17 വരെ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടന്നു. ജനറൽ സെക്രട്ടറി റോഷി തോമസിന്റെ അധ്യക്ഷതയിൽ സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ പി.എം. ജോൺ, ജോൺസൺ കെ. ശാമുവേൽ, ജോ തോമസ്, സുവി. സിബി മാത്യു, സിജു തോമസ്, സുവി. ജോബി കെ.സി., മനു മാത്യു, പാസ്റ്റർ അനീഷ് കൊല്ലംകോട്, ജിതിൻ ഏബ്രഹാം എന്നിവർ ക്ലാസ്സെടുത്തു. 'ജ്ഞാനികളായിരിക്കുക' എന്നതായിരുന്നു ചിന്താവിഷയം.

സുവി. ഇമ്മാനുവേൽ കെ.ബി. സിങ്ങ് ഗാനങ്ങൾ ആലപിച്ചു. 13 വയസ്സിനു താഴെയുള്ളവർ ഉൾപ്പെട്ട ജൂണിയർ സെക്ഷനുകൾ തിമഥി ഇൻസ്റ്റിറ്റ്യൂട്ട് നയിച്ചു. കഴിഞ്ഞ വർഷങ്ങളിലെ സ്റ്റേറ്റ് പരീക്ഷയിൽ മൂന്നിലധികം തവണ റാങ്കു നേടിയ പന്ത്രണ്ടു വിദ്യാർത്ഥികളെ മെമന്റോ നൽകി ആദരിച്ചു. പാസ്റ്റർമാരായ, സോവി മാത്യു, റ്റി.ഐ. ഏബ്രഹാം, കെ.എ. ഫിലിപ്പ്, ജോമോൻ ജോസഫ്, റോയി വി. സാമുവേൽ, ഒ. യോഹന്നാൻകുട്ടി, സഹോദരന്മാരായ ജയിംസ് ജോൺ, ഏബ്രഹാം വർഗ്ഗീസ് എന്നിവർ ആശംസകളറിയിച്ചു. കെ. തങ്കച്ചൻ സ്വാഗതവും കോശി മാത്യു നന്ദിയും പറഞ്ഞു. അസോസിയേഷൻ ഡയറക്ടർ പാസ്റ്റർ ഏബ്രഹാം മന്ദമരുതി, കോർഡിനേറ്റർ പാസ്റ്റർ ബിജു ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

# വാഹനാപകടം: ബന്ധുക്കളായ രണ്ടു വിദ്യാർത്ഥികൾ മരിച്ചു


അലീന


എബിൻ

**കോട്ടയം:** മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതാനായി കുവൈറ്റിൽ നിന്നും നാട്ടിലെത്തിയ വിദ്യാർത്ഥിനിയും അടുത്ത ബന്ധുവും വാഹനാപകടത്തിൽ മരിച്ചു. കോട്ടയം പള്ളിക്കത്തോട് അരുവിക്കുഴി പുതുപ്പറമ്പിൽ ജോസഫ് യോഹന്നാന്റെയും ബീനയുടെയും മകൾ അലീന എൽസ ജോസഫ് (18), പിതൃസഹോദര പുത്രൻ എബിൻ അനുമോൻ (അപ്പു-14) എന്നിവർക്കാണ് ദാരുണാന്ത്യം സംഭവിച്ചത്. വിമാനത്താവളത്തിൽ നിന്നു അലീനയെ കൂട്ടുക്കൊണ്ടു പൊകാനെത്തിയതായിരുന്നു എബിൻ. മെയ് 1-നു രാവിലെ കൂത്താട്ടുകുളം എം.സി. റോഡിൽ മേരിഗിരി കോളജിനു സമീപം ഇവർ സഞ്ചരിച്ചിരുന്ന കാർ ടിപ്പർ ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ കാർ പൂർണ്ണമായി തകർന്നു. കുവൈറ്റിൽ എബെനേസർ ഫെലോഷിപ് സഭാംഗമായ അലീന പ്ലസ്ടു വിദ്യാർത്ഥിനിയാണ്. എബിൻ പള്ളിക്കത്തോട് എസ്.എച്ച്.സ്കൂൾ വിദ്യാർത്ഥിയും. അലീനയുടെ സംസ്ക്കാരം മെയ് 4-നു പള്ളിക്കത്തോട് ഐപിസി സെമിത്തേരിയിലും എബിന്റെ സംസ്കാരം അരുവിക്കുഴി ലൂർദ് മാതാ പള്ളി സെമിത്തേരിയിലും നടത്തി.

# വാഹനാപകടത്തിൽ പാസ്റ്റർ മരിച്ചു



**റാന്നി:** വേൾഡ് മിഷനറി ഇവാഞ്ചലിസം ദൈവസഭയുടെ പേഴുംക്കോസ് സഭാ ശുശ്രൂഷകൻ ആലപ്ര മേലേക്കവല തോണിപ്ലാക്കൽ പാസ്റ്റർ റ്റി.കെ. രാജു (58) ഏപ്രിൽ 9-നു നിത്യതയിൽ ചേർക്കപ്പെട്ടു. റാന്നി വലിയ പാലത്തൽ വച്ചുണ്ടായ വാഹനാപകടത്തെ തുടർന്നാണ് മരിച്ചത്. പാസ്റ്റർ സഞ്ചരിച്ച ഇരുചക്രവാഹനത്തിൽ മറ്റൊരു ഇരുചക്രവാഹനം ഇടിക്കുകയും പെട്ടെന്നു വന്ന ടിപ്പർ ലോറിയുടെ അടിയിലേക്കു വീണ് തൽക്ഷണം മരിക്കുകയുമായിരുന്നു. വഞ്ചികപ്പാറ പരേതയായ ലീലാമ്മയാണ് ഭാര്യ. രണ്ട് ആൺമക്കളുണ്ട്. സംസ്ക്കാരം ഏപ്രിൽ 13-നു ആലപ്ര ഡബ്ല്യു.എം.ഇ. സഭാ സെമിത്തേരിയിൽ നടന്നു. വിവിധ സഭകളിലെ ദൈവദാസന്മാരെ കൂടാതെ എം.എൽ.എ.മാരായ രാജു ഏബ്രഹാം, പ്രഫ. എൻ. ജയരാജ്, ആന്റോ ആന്റണി എം.പി., പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ തുടങ്ങി നിരവധി പേർ അനുശോചനം അറിയിച്ചു. പാസ്റ്റർ അനീഷ് കാവാലത്തിന്റെ പ്രാർത്ഥനയ്ക്കു ശേഷം ഡബ്ല്യു.എം.ഇ. ജനറൽ പ്രസിഡന്റ് റവ. ഒ.എം. രാജുക്കുട്ടി സംസ്കാര ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

## നിത്യതയിൽ



**മണർകാട്:** ഇല്ലിവളവ് ഇന്ത്യാ റിവൈവൽ അസംബ്ലി സഭാംഗമായ ചുരകുറ്റിപ്പുറക്കുളം പരേതനായ ഫിലിപ്പോസ് മത്തായിയുടെ ഭാര്യ മറിയം (മേരി അമ്മച്ചി-81) ഏപ്രിൽ 14-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സ്വഭവനത്തിൽ നിന്നും ഏകയായി പെന്തക്കോസ്തു വിശ്വാസത്തിൽ നിലനിന്ന് ഐ.ആർ.എ. ഇല്ലിവളവ് സഭയുടെ ആരംഭകാലം മുതൽ ആത്മീയ തീക്ഷ്ണതയോടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിച്ചിരുന്നു. പ്രേഷിത പ്രവർത്തനങ്ങളിലും പ്രാർത്ഥനാ കൂട്ടായ്മകളിലും വളരെ ഉത്സാഹത്തോടുകൂടിയുള്ള മേരി അമ്മച്ചിയുടെ സഹകരണവും പ്രാർത്ഥനയും മാതൃകാപരവും സഭയുടെ വളർച്ചയ്ക്കു മുതൽക്കൂട്ടുമായിരുന്നു. സംസ്കാരം പിറ്റേന്ന് സഭയുടെ കാഞ്ഞിരത്തിൻമൂട് സെമിത്തേരിയിൽ പാസ്റ്റർ സാബു എം.ജോസഫിന്റെ നേതൃത്വത്തിൽ നടന്നു. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ ഒ.എം. ജോർജ് നേതൃത്വം നൽകി. പാസ്റ്റർമാരായ ജേക്കബ് ദാനിയേൽ, ഷിബു ജോസഫ്, ജോബ് ചാക്കോ, പി.സി.തോമസ്, വി.പി.ജോൺ, സണ്ണി തുടങ്ങിയവർ വചനം ശുശ്രൂഷിച്ചു. മക്കൾ: പൊന്നമ്മ, രാജു, ലിസി, കൊച്ചുമോൻ. മരുമക്കൾ: പി.പി.പീറ്റർ, സൂസമ്മ, ജോളി, ബിന്ദു.



**ഉത്തർപ്രദേശ്:** സഹാറംപൂർ അസംബ്ലീസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ പാസ്റ്റർ രാഹുലിന്റെ ഭാര്യ ആശ രാഹുൽ (28) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. രണ്ടു കിഡ്നികളും പ്രവർത്തനരഹിതമായതിനെ തുടർന്ന് ഡെറാഡൂണിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അടൂർ മണക്കാല ഫെയ്ത് തിയോളജിക്കൽ സെമിനാരി പൂർവ്വ വിദ്യാർത്ഥിയാണ് പാസ്റ്റർ രാഹുൽ. 9 മാസം പ്രായമായ ഒരു കുഞ്ഞും ഈ കുടുംബത്തിനുണ്ട്.

## താഴ്‌വരയിലെ ഉണങ്ങിയ അസ്ഥികൾ

5-ാം പേജിൽനിന്നും തുടർച്ച

കൊലചെയ്യപ്പെട്ടു. എങ്കിലും 1948 മെയ് 14-ാം തീയതി യിസ്രായേലിന് സ്വന്തമായി രാഷ്ട്രം ലഭിച്ചു. ഐക്യരാഷ്ട്രസംഘടനയിൽ യിസ്രായേൽ 59-ാമത്തെ രാജ്യമായി അംഗീകരിച്ചു. ഇതോടുകൂടി യിസ്രായേൽ വൻ ശക്തിയായി രൂപാന്തരപ്പെട്ടു. അവരുടെ കഠിനാദ്ധ്വാനം മൂലം പുറങ്ങിയ കാലങ്ങൾക്കുള്ളിൽ മരുഭൂമിയായിരുന്ന സ്ഥലവും ഏറ്റവും ഫലഭൂയിഷ്ടമുള്ളതും ശോഭനവുമായ ദേശമായി മാറി അവിടെ വിളയുന്നതായ മുന്തിരി, ഓറഞ്ച്, ആപ്പിൾ, നാനാവിധ വൃക്ഷങ്ങൾ എല്ലാം തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കപ്പെടുകയും രാജ്യം ലോക പ്രശസ്തിയിലേയ്ക്ക് ഉയരപ്പെടുകയും ചെയ്തു.

യെഹസ്കേൽ പ്രവചനത്തിന്റെ (യെഹസ്കേൽ 36 : 8-11) പൂർണ്ണതയെയാണ് ഇത് കാണിക്കുന്നത്. ഏദെൻ തോട്ടം പോലെ മനോഹരമായ ഈ ദേശം ഇന്ന് ലോകത്തിന് അത്ഭുത വിഷയമാണ്.

വിസ്തൃതിയിൽ ചെറുതും ജനസംഖ്യയിൽ കേവലം 6 ലക്ഷത്തോളം മാത്രമായിരുന്ന യിസ്രായേലിന് സൈനീകബലമോ, ആയുധബലമോ പറയത്തക്ക നിലയിൽ ഇല്ലായിരുന്നു. തന്മൂലം അയൽ രാജ്യങ്ങളായ ഈജിപ്റ്റ്, സിറിയ, യോർദ്ദാൻ, ലെബനോൻ, ഇറാക്ക് ഈ വൻശക്തികൾ യിസ്രായേലിനെതിരെ ഇരച്ചുകയറി. എന്നാൽ ദൈവം അവരോടുകൂടെ ആയിരുന്നതുകൊണ്ട് യിസ്രായേൽ യുദ്ധത്തിൽ ജയിച്ചു. സീനായ്, ഗാസാ, ലെബനോൻ എന്നിവ ഒഴിച്ചു യിസ്രായേൽ പിടിച്ചെടുത്തു. സൂയസ് കനാലിലൂടെയുള്ള യിസ്രായേലിന്റെ യാത്രയെ ഈജിപ്റ്റ് 1955-ൽ നിരോധിച്ചു. തുടർന്ന് ഈജിപ്റ്റ് യിസ്രായേലിനെ ആക്രമിച്ചു എന്നാൽ ശത്രുക്കളുടെ ആസ്ഥാനങ്ങളെ യിസ്രായേൽ തകർത്തു. തന്മൂലം ഏലാത്ത്, സൂയസ് എന്നീ തുറമുഖങ്ങൾ വഴിയുള്ള കപ്പൽ യാത്ര തുറന്നു കിട്ടുകയും ചെയ്തു. 1967-ൽ വീണ്ടും ഈജിപ്റ്റിന്റെ നേതൃത്വത്തിൽ യോർദ്ദാൻ, സിറിയ, ഇറാക് എന്നീ രാജ്യങ്ങൾ യിസ്രായേലിനെതിരെ യുദ്ധം ആരംഭിച്ചു. ഈ യുദ്ധത്തിൽ യിസ്രായേൽ മറ്റു രാജ്യങ്ങളെ പരാജയപ്പെടുത്തുകയും പഴയ യെരുശലേമും യോർദ്ദാന്റെ പടിഞ്ഞാറേതീരവും യിസ്രായേൽ സ്വന്തമാക്കി. 1982-ൽ പി.എൽ.ഒ. ഭീഷണിയുമായി യിസ്രായേലിനെ നേരിട്ടു. എന്നാൽ അവരെ യിസ്രായേൽ പരാജയപ്പെടുത്തി. 1983-ൽ യിസ്രായേൽ യെരുശലേമിനെ തലസ്ഥാനമാക്കി മാറ്റി. ലോകത്തിന്റെ പലഭാഗങ്ങളിലും യിസ്രായേൽ ജീവിച്ചു എങ്കിലും ഇന്നും ഒരേ ജാതിയായി അവർ നിലകൊള്ളുന്നു.

സംഖ്യാ പുസ്തകം 23:9 "ഇതാ തനിച്ചു പാർക്കുന്ന ഒരു ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല."

സെഖര്യാവ് 12:2 "ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും.

ഇന്ന് യിസ്രായേൽ അറബികൾക്ക് മാത്രമല്ല ലോകരാഷ്ട്രങ്ങൾക്കും കൂടെ തലവേദനയായിരിക്കയാണ്. നശിച്ചുപോയ യെരുശലേം ദേവാലയത്തിന്റെ സ്ഥാനത്ത് ഇപ്പോൾ ഉള്ളത് ഒരു മുസ്ലീം പള്ളിയാണ്. ഈ പള്ളി മാറ്റി യെഹൂദാ ആലയം വരേണ്ടിയിരിക്കുന്നു.

യഹൂദാ ജാതി ഇന്നു വരേയും കർത്താവായ യേശുക്രിസ്തുവിനെ മശിഹാ ആയി സ്വീകരിച്ചിട്ടില്ല. യിസ്രായേൽ ജനം ക്രിസ്തുവിനെ മശിഹാ ആയി സ്വീകരിക്കാത്ത കാലത്തോളം അവർ പലവിധ കഷ്ടങ്ങളിൽ കൂടി കടന്നു പോകേണ്ടി വരും. ക്രിസ്തുവിന്റെ വീണ്ടും വരവിന് മുമ്പ് പ്രവചനപ്രകാരം പല അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കേണ്ടതായിട്ടുണ്ട്. അതിൽ ഒന്നാണ് യിസ്രായേലിന്റെ തിരിച്ചു വരവ്. സഭ എടുക്കപ്പെടുമ്പോൾ യഹൂദാജാതി പല കഷ്ടങ്ങളിൽ കൂടി കടന്നു പോകേണ്ടി വരും. 7 വർഷക്കാലം ഇവർ ഈ കഷ്ടതയിൽ കൂടി കടക്കേണ്ടി വരും.

ഈ കഷ്ടതയിൽ അവർ മശിഹായെ വിളിക്കും. വാഗ്ദത്തപ്രകാരമുള്ള മശിഹാ യേശു ആയിരുന്നു എന്ന് അവർ അന്ന് മനസ്സിലാക്കും.

ഇനിയും അനേക യഹൂദന്മാർ അമേരിക്ക, കാനഡ, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ ഉന്നതമായ നിലയിൽ ജീവിച്ചുവരുന്നു. ബൈബിൾ പ്രകാരം ഹർമ്മഗെദ്ദോൻ യുദ്ധം മൂന്നാം ലോകമഹായുദ്ധം ആയിരിക്കും. അത് യിസ്രായേലിന്റെ പരിസരങ്ങളിൽ ആയിരിക്കും. കർത്താവ് ദൂതന്മാരോട് കൂടെ ഒലിവു മലയിൽ ഇറങ്ങിവന്നു അവരെ രക്ഷിക്കും. (യെശയ്യാവ് 11:12, യിരമ്യാവ് 31:8,10) അതിന്റെ ശേഷം കർത്താവായ യേശുക്രിസ്തുവും വിശുദ്ധന്മാരും, ഒരു ഭാഗം യിസ്രായേല്യരും കൂടി ആയിരം വർഷം ലോകം ഭരിക്കും. അപ്രകാരം ദൈവം അബ്രഹാമിന് കൊടുത്ത ഉടമ്പടിയുടെ പൂർത്തീകരണം നടക്കും. ഈ കാലയളവിൽ യിസ്രായേൽ ജനം ആത്മീയമായും ഭൗതീകമായും ഉയർച്ചയിൽ ആയിരിക്കും. ■■


# മിഷനറി പ്രവർത്തനത്തിന്റെ അരനൂറ്റാണ്ട് പിന്നിട്ട പാസ്റ്റർ പി.കെ. ജോൺസൺ

## ആശംസകൾ നേർന്ന് പറപ്പള്ളി കുടുംബം

ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള സ്റ്റേറ്റ് ജനറൽ മിനിസ്റ്റർ, 'ഗുഡ് ന്യൂസ് വീക്ക്‌ലി' റിപ്പോർട്ടർ, അടൂർ മണക്കാല ഫെയ്ത് തിയോളജിക്കൽ സെമിനാരി അലുമിനാ വൈസ് പ്രസിഡന്റ്, എച്ച്.എം.ഐ കോട്ടയം ജില്ലാ കമ്മിറ്റി അംഗം, 23 ലഘുലേഖകൾ, 6 പുസ്തകങ്ങൾ എന്നിവയുടെ രചയിതാവ്, പവർ വിഷൻ, ഹാർവെസ്റ്റ് ടി.വി. ചാനലുകളിൽ സുവിശേഷ സന്ദേശം നൽകുന്ന പ്രഭാഷകൻ തുടങ്ങി എല്ലാ പെന്തക്കോസ്തു സഭകൾക്കും വേദവിദ്യാർത്ഥികൾക്കും പ്രിയങ്കരനും ഞങ്ങളുടെ പറപ്പള്ളി കുടുംബത്തിന്റെ അഭിമാനവുമായ ഞങ്ങളുടെ പ്രിയ സഹോദരൻ പാസ്റ്റർ പി.കെ. ജോൺസന്റെ വിശ്വാസ ജീവിതത്തിന്റെയും പെന്തക്കോസ്തു മിഷനറി പ്രവർത്തനത്തിന്റെയും 50-ാം വാർഷികത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു... ദൈവത്തിനു സകല മഹത്വവും അർപ്പിക്കുന്നു. അയർക്കുന്നം പറപ്പള്ളി കുടുംബത്തിലെ സഹോദരീസഹോദരന്മാർ എല്ലാ ആശംസകളും നേരുന്നതോടൊപ്പം ദൈവം അദ്ദേഹത്തെ വീണ്ടും ശക്തമായി ഉപയോഗിക്കട്ടെ എന്ന പ്രാർത്ഥനയോടുംകൂടി.....



**അയർക്കുന്നം പറപ്പള്ളി കുടുംബാംഗങ്ങൾ**
**ഫോൺ:** 9847121065.


## ഉപവാസപ്രാർത്ഥന

**വാഴൂർ:** 15-ാം മൈൽ ഇന്ത്യാ റിവൈവൽ അസംബ്ലി ദൈവസഭയിൽ മെയ് 20 മുതൽ 26 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർമാരായ പി.സി. ജേക്കബ് (വയനാട്), സാബു എം.ജോസഫ് (വാഴൂർ), ഒ.എം. ജോർജ് (ഇല്ലിവളവ്), ഷിബു പത്തനാട്, മനോജ് പാമ്പാടി, ഷിബു ജോസഫ് (പനക്കര), ജോബ് ചാക്കോ (ആനിക്കാട്), ജേക്കബ് ദാനിയേൽ (ഇല്ലിവളവ്), ഇവാ. പി.സി.തോമസ് (മല്ലപ്പള്ളി), ഇവാ. എം.ജെ. ചാക്കോ (മല്ലപ്പള്ളി), ജേക്കബ് ജോൺ (മണർകാട്) തുടങ്ങിയവർ വചനം പ്രസംഗിക്കും. സ്ഥലം സഭാശുശ്രൂഷകൻ പാസ്റ്റർ സാബു എം.ജോസഫ്, ബ്രദർ കെ.ജെ. ബെന്നി (സഭാ സെക്രട്ടറി), ബ്രദർ റോബിൻ പി.സി. (ജോ.സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്നു. ഫോൺ: 8606695830, 9744195846, 9747174476.

